# പതിനാലാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 464 26.04.2017 ലെ മറുപടിയ്ക്ക്

## ട്രഷറികളിൽ ഹെൽപ് ഡസ്ക് സംവിധാനം

**ചോദ്യം** **ഉത്തരം**

ഡോ.എം.കെ.മുനീർ

ഡോ. റ്റി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം ഡിസ്ട്രിക്ട് ട്രഷറി പോലുള്ള പ്രധാന ട്രഷറികളിൽ ഹെൽപ് ഡസ്ക് സംവിധാനം ഏർപ്പെടുത്തിയ ശേഷം പാസ് ബുക്കുകൾ അപ്ഡേറ്റ് ചെയ്തു കിട്ടാൻ അക്കൗണ്ട് ഉടമകൾക്ക് ബുദ്ധിമുട്ട് ഏറിയിട്ടുണ്ടെന്ന പരാതികൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ | | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | കമ്പ്യൂട്ടറൈസേഷൻ സേവന സൗകര്യങ്ങൾ വേഗത്തിലുള്ളതാക്കുമ്പോൾ ഇവിടെ നേരെ മറിച്ചാണ് അനുഭവമെന്ന ആവലാതികളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ | | പരിശോധിച്ചിട്ടുണ്ട്. പുതിയ സംവിധാനം ഏർപ്പെടുത്തിയതോടെ പാസ് ബുക്കുകൾ പതിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഇതുമൂലം ബന്ധപ്പെട്ട എല്ലാ കൗണ്ടറുകളിൽ നിന്നും മാന്വൽ അപ്ഡേറ്റിംഗ് നടത്തി പാസ് ബുക്കുകൾ തിരിച്ചു നൽകിയിരുന്ന സംവിധാനത്തിൽ ആവശ്യമായതിലേറെ സമയം വൃദ്ധരായവർക്കുൾപ്പെടെയുള്ള അക്കൗണ്ട് ഉടമകൾ കാത്തു നിൽകേണ്ടി വരുന്ന സാഹചര്യം പരിശോധിച്ച് ആവശ്യമായ പരിഹാരം ഏർപ്പെടുത്തുമോ | | അക്കൗണ്ട് ഉടമകളുടെ പാസ് ബുക്ക് പതിച്ചു നൽകുന്നതിനായി എല്ലാ ട്രഷറികൾക്കും പാസ് ബുക്ക് പ്രിന്ററുകൾ ഇതിനോടകം വിതരണം ചെയ്തു കഴിഞ്ഞു. പ്രസ്തുത പ്രിന്ററുകൾ ഉപയോഗിച്ചു പാസ് ബുക്കുകൾ പതിച്ചു നൽകുന്നതിനുള്ള സംവിധാനം ട്രഷറി കമ്പ്യൂട്ടർ ശൃംഖലയിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ